# <u>പത്തനംതിട്ട ജില്ലാ പി ആർ എം മിനിറ്റ്സ്</u>

2018 ഫെബ്രുവരി 26,27 തീയതികളിൽ കുടുംബശ്രീ സംസ്ഥാനമിഷനിൽ വെച്ച് നടത്തിയ അവലോകന യോഗത്തിന്റെ തീരുമാനങ്ങൾ അറിയിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി 03/08/2018 ൽ പത്തനംതിട്ട കുടുംബശ്രീ ജില്ലാമിഷൻ ചെയർപേഴ്സൺമാരുടെയും, മെമ്പർ സെക്രട്ടറിമാരുടെയും ജില്ലാതല അവലോകന യോഗം സംഘടിപ്പിക്കുകയുണ്ടായി. ഇതിൽ താഴെപറയും പ്രകാരം പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

സംസ്ഥാനമിഷനിൽ വെച്ച് 2018 ഫെബ്രുവരി 26,27 തീയതികളിൽ നടന്ന റിവ്യൂമീറ്റിംഗിന്റെ ഭാഗമായി തീരുമാനിച്ച് ജില്ലാമിഷനുകൾ മേഖേന നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. മാർച്ച് 31നകം ചെയ്തുതീർക്കേണ്ട 20 ഇന പരിപാടികളെക്കുറിച്ച് ചെയർപേഴ്സൺമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.

ത്രിതല പഞ്ചായത്തുകളിൽ പദ്ധതിരൂപീകരണത്തിന്റെ സമയമായതിനാൽ കുടുംബശ്രീയുടെ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രോജക്ട് തയ്യാറാക്കി പഞ്ചായത്ത് പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട നിരന്തര പ്രവർത്തനം ചെയർപേഴ്സൺമാരുടെ ഭാഗത്തു നിന്ന് ഉണ്ടാകണമെന്ന് ഡി.എം.സി നിർദ്ദേശിച്ചു. ആയതിനുവേണ്ടുന്ന പിന്തുണ നൽകുന്നതിനു മെമ്പർ സെക്രട്ടറിമാരോട് അഭ്യർത്ഥിച്ചു. പ്രോജക്ട് ക്ലീനിക്കിൽ ഉരുത്തിരിഞ്ഞു വരുന്ന പ്രോജക്ടുകൾ 5/8/2018 ൽ നടക്കുന്ന പഞ്ചായത്ത് സെക്രട്ടറിമാരുടെയും, പ്രസിഡന്റുമാരുടെയും ശില്പശാലയിൽ അവതരിപ്പിക്കുന്നതും പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ജില്ലാമിഷന്റെ ഭാഗത്തുനിന്നും ചെയ്യുന്നതാണെന്നു ജില്ലാ മിഷൻ കോ ഓർഡിനേറ്റർ അറിയിച്ചു.

## <u>MF & Organization</u>

മാർച്ച് 31 അകം എല്ലാ ഫണ്ടുകളും വിനിയോഗിച്ച് 100% പുരോഗതി കൈവരിക്കുന്നതിനുവേണ്ട നിർദ്ദേശം ജില്ലാമിഷൻ കോഓർഡിനേറ്റർ ആയതിലേക്കായി ഇൻട്രസ്റ്റ് സബ്സിഡി ആപ്ലിക്കേഷൻ ഫോം, കോർപ്പസ് ഫണ്ടിനുള്ള ആപ്ലിക്കേഷൻ ഫോം, മറ്റ് ക്ലെയിമുകൾ എന്നിവ മാർച്ച് 7 നകം ജില്ലാമിഷന് സമർപ്പിക്കുന്നതിനും 15നകം ഫണ്ട് വിനിയോഗിക്കുന്നതിനുമുള്ള നിർദ്ദേശം നൽകി.

എൻആർഎൽഎം, ടിബിഎസ് എംഐഎസ് എന്നിവയിൽ ജില്ലാ അവസാന സ്ഥാനത്താണ് നിൽക്കുന്നത് എന്നും ആയതിനാൽ എല്ലാ അക്കൗണ്ടന്റ് മാരും എംഐഎസ് പൂർത്തീകരിക്കുന്നതിനുള്ള പ്രാധാന്യം നല്കി പ്രവർത്തിക്കുന്നതിനുവേണ്ട നിർദ്ദേശം നൽകണമെന്നും ഡിഎംസി നിർദ്ദേശിച്ചു.

എൻആർഎൽഎം, എംഐഎസ് പൂർത്തീകരണം - മാർച്ച് 15

ടിബിഎസ് എംഐഎസ് 60% - മാർച്ച് 31

910 എൻപിഎ അക്കൗണ്ട്സ് ജില്ലയിൽ ഉള്ളതായി കാണുന്നു. ഇതിൽ കുടുംബശ്രീയുടെ ഏതെല്ലാമാണെന്ന് പരിശോധിച്ച് കാരണം ഉൾപ്പെടെ ജില്ലാമിഷന് റിപ്പോർട്ട് ചെയ്യേണ്ടതും അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പരമാവധി ലിങ്കേജ് നടത്തി മാർച്ച് 20 ഓടുകൂടി നടപടി ക്രമങ്ങൾ പൂർത്തീകരിക്കേണ്ടതാണ്. 2018-19 'അയൽക്കൂട്ട വർഷമായി' ആചരിക്കുന്നു. നിലവിൽ ജില്ലയിൽ ആകെ 8300 അയൽക്കൂട്ടങ്ങളാണ് പ്രവർത്തന നിരതമായിട്ടുള്ളത്. ആകെയുള്ള 10285 അയൽക്കൂട്ടങ്ങളിൽ നിഷ്ക്രിയമായിട്ടുള്ളവയെ പുനരുജ്ജീവിപ്പിച്ച് കുടുംബശ്രീ പ്രവർത്തനങ്ങളെ ഊർജ്ജസ്വലമായി ഇടപെടുന്നതിനുവേണ്ട പ്രവർത്തനങ്ങളിൽ സി.ഡി.എസ്സുകളിൽ ഉണ്ടാകണമെന്ന് ഡിഎംസി അറിയിച്ചു. 2019 ഏപ്രിൽ ഒന്നിന് എല്ലാ അയൽക്കൂട്ടങ്ങളിലും അയൽക്കൂട്ട വർഷാചരണത്തിന്റെ ഉത്ഘാടനം നടത്തേണ്ടതാണ്.

ഏപ്രിൽ, മെയ് മാസങ്ങളിലായി ചെയർപേഴ്സൺമാർക്ക് സംസ്ഥാന തല പരിശീലനം നൽകുന്നതാണെന്ന് അറിയിച്ചു.

പുതിയ ഇൻഷ്വറൻസ് പോളിസിയിൽ പരമാവധി ആളുകളെ ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. എല്ലാ മാസവും സി.ബി.ആർ. എം കൂടുകയും അതിന്റെ റിപ്പോർട്ട് ജില്ലാമിഷനിൽ എത്തിക്കേണ്ടതാണ്. ചെയർപേഴ്സൺമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടകാര്യമാണ്.

## DDUGKY

നൈപുണ്യ രജിസ്റ്റർ ഡിജിറ്റലൈസേഷൻ ചെയ്യുവാൻ തീരുമാനം എടുത്തു. കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരുടെ സഹായത്തോടെ ഡേറ്റാ എൻട്രി പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിച്ചു.

52 ഗ്രാമ സി.ഡി.എസ്സിലും ഡിഡിയുജികെവൈ നൈപുണ്യ രജിസ്റ്റർ ലഭ്യമാക്കിയിട്ടുണ്ട്. നൈപുണ്യ രജിസ്റ്ററിൽ മാർച്ച് 31 ന് മുൻപ് ഡേറ്റാ അപ്ഡേഷൻ പൂർത്തീകരിക്കുവാൻ ഉള്ള നിർദ്ദേശം നൽകുകയുംതുടർ നടപടികൾക്കായി ബ്ലോക്ക് കോ ഓർഡിനേറ്റർമാരെ ചുമതലപ്പെടുത്തി.

ജില്ലയിലെ 8 ബ്ലോക്കിലും 2 മൊബിലൈസേഷൻ വീതം നടത്താൻ തീരുമാനമെടുത്തു. ഡോർ ടു ഡോർ മൊബിലൈസേഷന് പ്രേത്യേക മുൻഗണന നൽകി മൊബിലൈസേഷൻ നടത്തുവാൻ ബ്ലോക്ക് കോ ഓർഡിനേറ്റർ മാർക്ക് ചുമതല നൽകി.

ജില്ലയിലെ ചെയർപേഴ്സൺമാരുടെയും ഡിഡിയുജികെവൈ ടീമും മാർച്ച് 20-ാം തീയതി തിരുവനന്തപുരത്തുള്ള ഡിഡിയുജികെവൈയുടെ ഏജൻസിയിൽ എക്സ്പോഷുവർ വിസിറ്റ് പോകുവാൻ തീരുമാനമെടുത്തു.

## MKSP

1. കേരളാ ചിക്കൻ:
   നിലവിൽ 18 യൂണിറ്റിന് സിഐഎഫ് കൊടുത്തിട്ടുണ്ട്. പുതിയ യൂണിറ്റുകളുടെ അപേക്ഷകൾ സ്വീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഡിഎംസി അറിയിച്ചു.

2. ആഴ്ചചന്ത, നാട്ടുചന്ത

   കുടുംബശ്രീ അടിസ്ഥാന സൗകര്യങ്ങൾക്ക് തുക നൽകിയ 24 സി.ഡി.എസ്സിൽ നിർബന്ധമായും എല്ലാ ആഴ്ചയും ചന്തകൾ നടത്താൻ തീരുമാനിച്ചു.

ഓരോ ചന്തയിലും കുടുംബശ്രീയുടെ എല്ലാ ഉല്പന്നങ്ങളും എത്തിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമായി സംയോജിച്ച് നാട്ടുചന്തകൾ നല്ല രീതിയിൽ നടപ്പിലാക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

3. Rice Branding

ജില്ലയിൽ ഇമിവിപണനത്തെ പ്രോത്സാഹിപ്പിച്ച് ടി മേഖലയിലേക്ക് അംഗങ്ങളെ കൂട്ടി ജില്ലയ്ക്കാവശ്യമായ ഇമി സ്വയം ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'മിനി റൈസ് മിൽ' പദ്ധതി നടപ്പിലാക്കുന്നതിനെ പറ്റി ചർച്ച ചെയ്തു.

ഇരവിപേരൂർ റൈസ് - റിവോൾവിംഗ് ഫണ്ട് നൽകുന്നതിനെപ്പറ്റി ചർച്ച ചെയ്തു

4. മൃഗസംരക്ഷണ മേഖല

ആടുഗ്രാമം, ക്ഷീരസാഗരം പദ്ധതിയുടെ ട്രെയിനിംഗുകളും എക്സ്പോഷുവർ വിസിറ്റും കഴിഞ്ഞു. തുടർന്ന് പ്രോജക്ട് സബ്മിറ്റ് ചെയ്യുന്നതിനെപ്പറ്റിയും ലോൺ എടുക്കുന്നതിനെപ്പറ്റിയും ചർച്ച നടത്തി.

5. ഭക്ഷ്യസുരക്ഷ്യ ഭവനം

പദ്ധതിയുടെ ഭാഗമായി അംഗങ്ങളെ ഉൾപ്പെടുത്താൻ വേണ്ട നിർദ്ദേശങ്ങൾ നൽകി.

## ABC Programme

ആകെ സർജ്ജറി നടത്തിയ നായ്ക്കളുടെ എണ്ണം- 1902

പൂർത്തീകരിച്ച ബ്ലോക്ക് - പറക്കോട്

ചെലവായ തുക - 39,94,200

സമാഹരിച്ച ആകെ തുക - 71,90,087

പറക്കോട് ബ്ലോക്കിൽ പദ്ധതി താല്ക്കാലികമായി പൂർത്തീകരിച്ച് പുളിക്കീഴ് ബ്ലോക്കിൽ കടപ്ര പഞ്ചായത്തിൽ കടപ്ര മൃഗാശുപത്രിയിൽ സർജറി സജ്ജീകരണം ആരംഭിച്ചു കഴിഞ്ഞു.

## മൈക്രോ സംരംഭം

മൈക്രോ സംരംഭങ്ങളിൽ താഴെപറയുന്ന നിർദ്ദേശങ്ങൾ സി.ഡി.എസ് ചെയർപേഴ്സൺമാർക്ക് നൽകിയിട്ടുണ്ട്.

- എല്ലാ സി.ഡി.എസ്സുകളിലും മൈക്രോ സംരംഭം രജിസ്റ്ററുകൾ സൂക്ഷിക്കണം
- പുതുതായി ആരംഭിച്ച യൂണിറ്റുകൾ സി.ഡി.എസ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്
- ഹരിതകർമ്മ സേനാംഗങ്ങളുടെ പരിശീലനത്തിൽ സി.ഡി.എസ്സുകളിൽ നിന്ന് തെരഞ്ഞെടുത്തിട്ടുള്ള അംഗങ്ങളെ നിശ്ചയിച്ചു തന്നിട്ടുള്ള ദിവസങ്ങളിൽ പരിശീലനത്തിൽ പങ്കെടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- എ.ബി.സി പദ്ധതി നടപ്പിലാക്കുന്നതിന് തുക വകയിരുത്തിയ പഞ്ചായത്തുകൾ ജില്ലാമിഷന് കൈമാറുന്നതിനും തുക വകയിരുത്താത്ത സി.ഡി.എസ്സുകൾ തുക വയ്ക്കുന്നതിനും പഞ്ചായത്തുകളെ ഓർമ്മപ്പെടുത്തണം
- എ.ബി.സി പദ്ധതി നടപ്പിലാക്കുന്നതിന് തദ്ദേശ ഭരണസ്ഥാപനങ്ങളുടെ സഹായ സഹകരണങ്ങൾ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

- സ്കിൽ ട്രെയിനിംഗ് നടത്തുന്നതിൽ ഗുണഭോക്താക്കളെ ഉറപ്പാക്കി പങ്കെടുപ്പിക്കുന്നതിനുള്ള നടപടി സി.ഡി.എസുകൾ സ്വീകരിക്കേണ്ടതാണ്.
- വിപണന കേന്ദ്രങ്ങൾ (മിനി മാർക്കറ്റ്) ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തി നൽകുക
- വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങൾ ഓൺ ലൈനിലൂടെ വിൽപ്പന നടത്തുന്നതിന് കണ്ടെത്തി മാർച്ച് 17 നകം ജില്ലാമിഷനെ അറിയിക്കേണ്ടതാണ്.

**ജെന്റർ**

നീതം ജില്ലാതല ക്യാമ്പയിൻ മാർച്ച് 8,9 തീയതികളിൽ പത്തനംതിട്ട റോയൽ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുന്നതാണ്. രണ്ട് ദിവസവും എല്ലാ സി.ഡി.എസ്സുകളിൽ നിന്നും നിശ്ചയിച്ചു തന്നിട്ടുള്ള പ്രകാരം ആളുകളെ പങ്കെടുപ്പിക്കേണ്ടതാണെന്ന് അറിയിച്ചു.

ജെന്റർ ഫിലിം ഫെസ്റ്റ് വെൽ ആറ് ബ്ലോക്കുകളെ ഉൾക്കൊള്ളിച്ച് മൂന്ന് വേദികളിലായി മാർച്ച് 12 മുതൽ നടത്തുന്നതാണെന്ന് അിറയിച്ചു. ആയതിലേക്ക് എല്ലാ അയൽക്കൂട്ടാംഗങ്ങളെയും പങ്കെടുപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകി.

**കുടുംബശ്രീ മാഗസിൻ**

ജില്ലാതലത്തിലും സി.ഡി.എസ്സ് തലത്തിലും കുടുംബശ്രീ മാസിക വരി സംഖ്യ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. കുടുംബശ്രീ മാസികയിലേക്ക് കൃതികൾ അയക്കുന്നതിന് അയൽക്കൂട്ടങ്ങളിൽ അറിയിപ്പ് നൽകേണ്ടതാണ്.

ജില്ലാമിഷനിൽ നിന്നും സി.ഡി.എസ്സുകളിൽ എത്തിക്കുന്ന കുടുംബശ്രീ മാസികകൾ അതാത് അയൽക്കൂട്ടങ്ങൾക്ക് താമസംവിനാ എത്തിക്കേണ്ടതാണ്.

**പൊതു നിർദ്ദേശങ്ങൾ**

കുടുംബശ്രീയുടെ തനത് പദ്ധതികൾക്കൂടാതെ ജില്ലാ പ്രത്യേകമായി പങ്കെടുക്കുന്ന പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

കുടുംബശ്രീ സംസ്ഥാന വാർഷികം മെയ്മാസത്തിൽ കണ്ണൂർ ജില്ലയിൽ വെച്ച് നടത്തുന്നതാണ്. അതിനു മുൻപായി എ.ഡി.എസ്സ്, സി.ഡി.എസ് ജില്ലാതല കലാമത്സരങ്ങൾ ഏപ്രിൽ മാസത്തിൽ പൂർത്തീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള വിശദമായ അറിയിപ്പ് പിന്നീട് നൽകുന്നതാണ്.

DISTRICT MISSION OFFICE * KUDUMBASHREE * PATHANAMTHITTA *

ജില്ലാമിഷൻ കോ ഓർഡിനേറ്റർ